# കേരള സംസ്ഥാന യുവജന കമ്മീഷൻ

**വികാസ് ഭവൻ തിരുവനന്തപുരം- 695003**

**ഫോൺ 0471 2308630 ഫാക്സ് 0471 2308530**

## കേരള സംസ്ഥാന യുവജന കമ്മീഷൻ 22-10-2019 ന് പുറപ്പെടുവിക്കുന്ന ഉത്തരവ്

**സന്നിഹിതർ : കുമാരി ചിന്താ ജെറോം, (ചെയർപേഴ്സൺ)**

**ശ്രീ.വിനിൽ വി (കമ്മീഷനംഗം)**

**ശ്രീ.നിശാന്ത് വി ചന്ദ്രൻ (കമ്മീഷനംഗം)**

**ശ്രീമതി.ഷജീറ കെ.പി (കമ്മീഷനംഗം)**

**കേസ് നമ്പർ : നം. 1294/എ2/2018/കേ.സം.യു.ക.**

പരാതി കക്ഷി

**തോമസ് കൊച്ചുമ്മൻ**
ജിനു ഭവനം
മാനാമ്പുഴ പി.ഓ
കടമ്പനാട് സൌത്ത്
കുന്നത്തൂർ -691553
കൊല്ലം.

എതിർ കക്ഷി

**ഡയറക്ടർ**
വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം
ഹൌസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ, തിരുവനന്തപുരം.

കൊല്ലം ജില്ലയിലെ എൽ.ഡി.വി ഡ്രൈവർ ഗ്രേഡ് II (വിവിധം) തസ്തികയുടെ റാങ്ക് പട്ടികയിലുൾപ്പെട്ടയാളാണ് പരാതികക്ഷി. കൊല്ലം ജില്ലയിലെ എതിർകക്ഷിയുടെ സ്ഥാപനത്തിനു കീഴിൽ വരുന്ന ഡ്രൈവർ തസ്തിക നിലനിർത്തണമെന്നതാണ് പരാതിയിലെ ആവശ്യം. പരാതിയിന്മേൽ എതിർകക്ഷിയുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതും ഇരുകക്ഷികളേയും നേരിൽ കേട്ടിട്ടുള്ളതുമാണ്. കൊല്ലം മേഖലാ കാര്യാലയത്തിലെ ഒരൊഴിവ് പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നുവെന്നും വാഹനം നിലവിലില്ലാത്തതിനാൽ, ഡ്രൈവറെ നിലനിർത്തുന്നത് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതിയ്ക്ക് അനുകൂലമാവുകയില്ല എന്നതിനാൽ ഡ്രൈവർ തസ്തികയിൽ നിയമന ശിപാർശ നല്കിയ വ്യക്തിയെ ജോലിയിൽ പ്രവേശിപ്പിച്ച ശേഷം, സർവ്വീസിൽ നിന്നും ഡിസ്ചാർജ് ചെയ്തതായും എതിർകക്ഷി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സാഹചര്യത്തിൽ കമ്മീഷൻ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

## ഉത്തരവ്

ഒഴിവുകൾ യഥാസമയം പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിലവിലെ ചട്ടങ്ങൾ പ്രകാരം നിയമനം നടത്തുന്നതിനും എതിർകക്ഷി ജാഗ്രത പുലർത്തേണ്ടതാണ്.

**(ഒപ്പ്)**
**ചെയർപേഴ്സൺ**

**സെക്രട്ടറി**